"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കൊല്ലം ജില്ലാപഞ്ചായത്തിലെ പുനർവിന്യാസ ക്ലർക്ക് ശ്രീ വിനേഷ് ടി വിജയനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീമതി ലിജ ജെ-യെ മൈലം ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1012/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025**

---

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/02/2025, 03/03/2025 -തീയതികളിലെ ADFW/7734/2021-SA4 നമ്പർ കത്തുകൾ.
2. 14/03/2025 തീയതിയായി ശ്രീമതി ലിജ സമർപ്പിച്ച അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 21/03/2025-ലെ LSGD/PD/6211/2025-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കൊല്ലം ജില്ലാപഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ വിനേഷ് ടി വിജയനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം വകുപ്പ് മേധാവി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ടിയാന് പകരമായി മലപ്പുറം ജില്ലാ കൃഷി ഓഫീസിലെ ക്ലർക്ക് ശ്രീമതി ലിജ ജെ സമർപ്പിച്ച പുതുക്കിയ ഓപ്ഷനും പരിഗണനയ്ക്കായി ശിപാർശ ചെയ്തുകൊണ്ട് വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി ലിജ ജെ ടിയാന്റെ 3-ാമത്തെ ഓപ്ഷൻ പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം വീണ്ടും അപേക്ഷ നൽകുകയുണ്ടായി. ശ്രീ വിനേഷ് ടി വിജയനെതിരെ കൊല്ലം ജില്ലാ പഞ്ചായത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും ദീർഘകാലമായി കൊല്ലം ജില്ലാപഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ വിനേഷ് ടി വിജയനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും മലപ്പുറം ജില്ലാ കൃഷി ഓഫീസിലെ ക്ലർക്ക് ശ്രീമതി ലിജ ജെ-യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച്

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ വിനേഷ് ടി വിജയൻ, ക്ലർക്ക്, കൊല്ലം ജില്ലാ പഞ്ചായത്ത് (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീമതി. ലിജ ജെ, ക്ലർക്ക്, ജില്ലാ കൃഷി ഓഫീസ്, മലപ്പുറം.(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം.

സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(LSGD-ERA1/41/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 23-04-2025 11:10:07

സെക്ഷൻ ഓഫീസർ